V. സബ്മിഷൻ

(1) അടൂർ സെൻട്രലിൽ അജേഷ് എന്ന ആൾ നടത്തിവരുന്ന കമ്പ്യൂട്ടർ സ്ഥാപനം കൈയേറിയ സംഭവം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇന്നലെ പകൽ അടൂരിൽ അക്രമികളുടെ അഴിഞ്ഞാട്ടം നടക്കുകയായിരുന്നു. ഇന്ന് കേരളത്തിലെ പ്രമുഖ പത്രങ്ങളിലെല്ലാം അതിന്റെ വിശദമായ വിവരം വന്നിട്ടുണ്ട്. ഇന്നലെ സി.പി.എം.ന്റെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ വ്യാപാരി വ്യവസായികളെയും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെയും അതിക്രൂരമായി മർദ്ദിക്കുകയുണ്ടായി. മർദ്ദനത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ച അജേഷ് എന്ന ചെറുപ്പക്കാരനെ ഒരു പറ്റം സി.പി.എം.കാർ വീണ്ടും ആശുപത്രിയിൽ കയറി മർദ്ദിക്കുകയുണ്ടായി. അജേഷ് നടത്തിവരുന്ന ബീഗേജ് എന്ന കമ്പ്യൂട്ടർ സ്ഥാപനം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ കൈയേറുകയും അജേഷിനെ ക്രൂരമായി മർദ്ദിക്കുകയുമാണുണ്ടായത്. ഈ സംഭവത്തിൽ പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപനസമിതിയുടെ നേതൃത്വത്തിൽ പ്രകടനം നടത്തി. ഈ പ്രകടനത്തെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ തടയുകയും പോലീസുകാരുടെ കൈയിലുണ്ടായിരുന്ന ലാത്തിപിടിച്ചുവാങ്ങി വ്യാപാരി വ്യവസായി സംഘത്തെയും യൂത്ത് കോൺഗ്രസ് പ്രവർത്തകരെയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. വ്യാപാരിവ്യവസായി ഏകോപന സമിതിയുടെ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോർജ് ബേബി, ശ്രീ.തോമസ്കുട്ടി തുടങ്ങിയ ആളുകൾ ആശുപത്രിയെ അഭയം പ്രാപിച്ചിരിക്കുകയാണ്. സർക്കാർ ആശുപത്രിയിൽ പോകാൻ നിവൃത്തി ഇല്ലാത്തതുകൊണ്ടും അവർക്ക് ആവശ്യമായ പ്രൊട്ടക്ഷൻ കിട്ടില്ല എന്നതുകൊണ്ടും അവർ സ്വകാര്യ ആശുപത്രിയിലും മറ്റ് ആശുപത്രികളിലുമായി അഭയം പ്രാപിച്ചിരിക്കുകയാണ്. ഇന്നലെയും ഇന്നും അവിടെ ഹർത്താൽ നടത്തുകയാണ്. അതീവ ഗുരുതരമായ സാഹചര്യമാണ് അവിടെ നിലനിൽക്കുന്നത്. സംഭ്രമജനകമായ ഈ സാഹചര്യത്തിൽ പോലീസ് ആക്ട് ചെയ്യുന്നില്ല എന്ന വലിയൊരു ആക്ഷേപം നിലനിൽക്കുകയാണ്. ജീവിക്കുവാൻ നിവൃത്തിയില്ലാത്ത സാധാരണക്കാരായ ആളുകൾക്ക് അവരുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാത്ത ഈ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി ആക്രമികളായ ആളുകൾക്കെതിരെ മുഖംനോക്കാതെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഒരു മാസത്തിനുമുൻപ് വാഹന അപകടത്തിൽ പരിക്കുപറ്റിയ ഒരാളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരുന്നു. അപകടത്തിന് ഉത്തരവാദിയായ അജേഷ് ആശുപത്രിയിൽചെന്ന് അന്വേഷിച്ചില്ല എന്ന കാരണംപറഞ്ഞ് 19.12.2000-നു രാവിലെ 11 മണിക്ക് ഏതാനുംപേർ ചേർന്ന് അജേഷിനെ ദേഹോപദ്രവം ഏല്പിച്ചു. ഇതേത്തുടർന്ന് 30-ഓളം വരുന്ന വ്യാപാരികൾ പ്രതിഷേധ പ്രകടനം നടത്തി. കുറെപ്പേർ ചേർന്ന് പ്രതിഷേധപ്രകടനത്തെ തടഞ്ഞു. പരസ്പരം കല്ലേറുണ്ടായി. ഇരുകൂട്ടരെയും പോലീസ് വിരട്ടിയോടിച്ചു. ഈ സംഭവവുമായി ബന്ധപ്പെട്ട് പരിക്കുപറ്റിയ റോഷൻ, താജുദ്ദീൻ, തോമസ്കുട്ടി എന്നിവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതു സംബന്ധിച്ച് അടൂർപോലീസ് സ്റ്റേഷനിൽ ക്രൈം 750/2000. 751/2000, 752/2000 ഇങ്ങനെ നാലു കേസുകൾ രജിസ്റ്റർ ചെയ്ത്. അന്വേഷണം നടത്തിവരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly